പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ, ഫോട്ടോഗ്രാഫി, ഇലക്ട്രോണിക്സ്, യാത്രാബാഗുകൾ, പേപ്പർ ഉല്പന്നങ്ങൾ, കാർഷിക പരമ്പരാഗത മേഖല, സോളാർ എനർജി എന്നീ മേഖലകളിൽ ഗ്രാമീണതല ഉല്പന്നാധിഷ്ഠിത തൊഴിൽ വൈദഗ്ദ്ധ്യ പരിപാടികൾ സംഘടിപ്പിക്കൽ

- സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ രൂപീകരണത്തിനായി സമർപ്പിക്കേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
- വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(സി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് 40,00,000 രൂപ (നാൽപ്പത് ലക്ഷം രൂപ) നീക്കിവച്ചിരുന്നതും ആയത് 7-6-2014-ലെ സ.ഉ.(സാധ) 608/14/ID പ്രകാരം റിലീസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്.

സിൽക്കിൽനിന്നും വിരമിച്ചവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

190 (6641) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽനിന്നും 2013-14 വർഷങ്ങളിൽ പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടിവരുന്ന തുക സിൽക്ക് കണ്ടെത്തുമെന്ന് സർക്കാർ ഉറപ്പുപറഞ്ഞിരുന്നിട്ടും 2013 നവംബർ മാസത്തിൽ ഈ സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ; അടിയന്തരമായി ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ കാലയളവിൽ പിരിഞ്ഞ ജീവനക്കാർക്ക് 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവുകൂടി ഉൾപ്പെടുത്തി ഗ്രാറ്റുവിറ്റി കണക്കാക്കി നൽകുമോ ?

ഉത്തരം

(എ) സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ ഫണ്ടിന്റെ കുറവു മൂലം പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

(ബി) 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവ് 1-1-2014 മുതൽ സിൽക്കിലെ ജീവനക്കാർക്ക് അനുവദിച്ചുനൽകാൻ സിൽക്ക് ബോർഡ് യോഗം തീരുമാനമെടുത്തെങ്കിലും വർദ്ധിപ്പിച്ച ഡി.എ. ഫണ്ടിന്റെ കുറവുമൂലം വിതരണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly